I/109153/2023

സി1/57/2023/ടി.സി തീയതി : 16-02-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മാരും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സ്റ്റേജ് ക്യാരേജുകളിൽ നിരീക്ഷണ ക്യാമറ ഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 14.02.2023 ൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എറണാകുളത്ത് നടന്ന റോഡപകട അവലോകന യോഗത്തിലെ തീരുമാനം

സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന എല്ലാ സ്വകാര്യ സ്റ്റേജ് ക്യാരേജുകളിലും 28.02.2023 ന് മുമ്പായി വാഹനത്തിന്റെ മുൻവശം ,ഉൾവശം പിൻവശം കാണത്തക്ക രീതിയിൽ ക്യാമറ ഘടിപ്പിക്കേണ്ടതാണ്.

എല്ലാ സർക്കിൾ ഓഫീസർമാരും തങ്ങളുടെ ചുമതലയിലുള്ള സ്റ്റേജ് ക്യാരേജുകളിൽ ക്യാമറകൾ ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ക്യാമറകൾ ഘടിപ്പിക്കുന്നതിനു പരമാവധി അയ്യായിരം രൂപ വരെ അസ്സൽ ബില്ലുകൾ സർക്കിൾ ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന പക്ഷം സർക്കാർ അനുവദിക്കുന്നതാണ്.

എല്ലാ പെർമിറ്റുടമകൾക്കും സെക്രട്ടറി ആർ.ടി എ മാർ ഇതു സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്.

01.03.2023 മുതൽ സർവ്വീസ് നടത്തുന്ന എല്ലാ സ്വകാര്യ സ്റ്റേജ് ക്യാരേജുകളിലും നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമമാണെന്ന് എൻഫോഴ്സ്മെന്റ് ആർ.ടി.ഓ മാർ ഉറപ്പ് വരുത്തേണ്ടതാണ്.

ടി പ്രവർത്തനങ്ങൾ ഫലപ്രദമായ ഏകോപിപ്പിച്ച് 28.02.2023 ന് ഡി.ടി.സി മാർ പ്രവർത്തന റിപ്പോർട്ട് നൽകേണ്ടതാണ്

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 16-02-2023 14:15:13

K MANOJKUMAR

I/109153/2023

SR. DEPUTY TRANSPORT COMMISSIONER (TAX)

മോട്ടോർ വാഹന വകുപ്പ്, കേരളം